# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7709 23.07.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതൽ തുടങ്ങാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ടേംസ് ഓഫ് റഫറൻസ് പ്രകാരം എല്ലാ സീസണുകളിലും ഉൾപ്പെടുന്ന ഒരു കൊല്ലം നീണ്ടു നിൽക്കുന്ന പാരിസ്ഥിതികാനുമതിയ്ക്കായുള്ള പഠനം 2012 ജൂൺ-30 ന് പൂർത്തിയായി. ഇതേപ്പറ്റി അക്രെഡിറ്റഡ് ഏജൻസികൾ നടത്തിയിട്ടുള്ള പഠന റിപ്പോർട്ടുകൾ ഏകീകരിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിക്കേണ്ടതും അതിനുശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തേണ്ടതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ |

-----2

കേന്ദ്ര സർക്കാരിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശയിന്മേൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ തുറമുഖത്തിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ഈ വർഷം തന്നെ കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതിക അനുമതി നേടിയെടുക്കാനുള്ള പദ്ധതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക അനുമതി ലഭിച്ച ശേഷം 2013 ആദ്യ പകുതിയോടെ ഇ.പി.സി ടെൻഡർ ഉറപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാവാതിരിക്കുവാൻ അന്യസംസ്ഥാന ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം ലോബികൾ കേന്ദ്ര സർക്കാരിനുമേൽ സ്വാധീനം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | വിഴിഞ്ഞം തുറമുഖം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നയം സംസ്ഥാനത്തിന് പ്രയോജനപ്രദമാകുമോ; വിശദാംശം നൽകുമോ? | (ഡി) | വിഴിഞ്ഞം തുറമുഖം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നയം സംസ്ഥാനത്തിന് പ്രയോജനപ്രദമാണ്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതിക അനുമതിയ്ക്കുള്ള ടേംസ് ഓഫ് റഫറൻസ് അനുവദിച്ചു കിട്ടിയുണ്ട്. ഇത് പ്രകാരമുള്ള ഒരു വർഷത്തെ പഠനം 2012 ജൂൺ 30 നു പൂർത്തിയായിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് തയ്യാറാക്കി , അനുബന്ധ നടപടികൾ കൂടി സ്വീകരിച്ചതിനുശേഷം |

കേന്ദ്രത്തിനു,
അന്തിമാനുമതിയ്ക്കായി
സമർപ്പിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ